# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2841 09.05.17 ൽ മറുപടിയ്ക്ക്

**വ്യാജപെർമിറ്റിൽ സ്വകാര്യ ലക്ഷ്വറി ബസുകൾ**

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കും തിരിച്ചും വ്യാജപെർമിറ്റിൽ സ്വകാര്യ ലക്ഷ്വറി ബസ്സുകൾ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരളത്തിലെ പ്രമുഖ സ്ഥലങ്ങളെ തമ്മിൽ ബന്ധപ്പെടുത്തിയും, അന്തർ സംസ്ഥാന റൂട്ടുകളിലുമാണ് സ്വകാര്യ ലക്ഷ്വറി കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ സമാന്തര സർവ്വീസ് നടത്തുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (ബി) | ഏതൊക്കെ സ്ഥലങ്ങളിൽ നിന്നാണ് ഇത്തരം സർവ്വീസുകൾ നടത്തുന്നതെന്നും, ഇവയിൽ എത്ര ബസ്സുകൾക്കെതിരെ നിയമലംഘനത്തിന് നടപടി സ്വീകരിച്ചുവെന്നും അവ ഏതെല്ലാം സർവ്വീസുകൾ ആണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | തിരുവനന്തപുരത്തു നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തിയ 37 ഇന്റർ സ്റ്റേറ്റ് കോൺട്രാക്ട് കാര്യേജ് ബസുകൾക്കെതിരെയും, കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, വയനാട് എന്നീ പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തിയ വാഹനങ്ങൾക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം സർവ്വീസുകൾ നിർത്തലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരം സർവ്വീസുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. അടുത്ത കാലത്ത് ഇത്തരം വാഹനങ്ങൾക്കെതിരായി വലിയ തോതിൽ കെ.എസ്.ആർ റ്റി സി അധികാരികളിൽ നിന്നും പരാതി ലഭിച്ചതിനെ തുടർന്ന് തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും ശക്തമായ പരിശോധനകൾ നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി എ.എം.വി.ഐ. മാരുടെ സേവനം കെ.എസ്.ആർ റ്റി സി രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.<br>14.02.2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അനധികൃത സർവ്വീസ് നടത്തിയ 9 വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200/- രൂപ പിഴയായി ഈടാക്കുകയും 98,700/- രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു.<br>സമാന്തരസർവ്വീസ് പരിശോധന ആവശ്യത്തിനായി സമീപ ജില്ലകളിൽ നിന്നും വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിക്കുകയും സേനാബലത്തിനായി പോലീസ് സഹായത്താൽ ചെക്കിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ